# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.550 27.10.2016 ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>" മുരളി പെരുനെല്ലി<br>" ഒ.ആർ.കേളു<br>" ഐ.ബി.സതീഷ് | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | മതിയായ തുക അനുവദിക്കാത്തതിനാലും അനുവദിക്കുന്ന തുക യഥാസമയം ലഭ്യമാക്കാത്തതിനാലും മുൻ സർക്കാരിന്റെ കാലത്ത് സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി കടുത്ത പ്രതിസന്ധിയിലായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) | ഇല്ല. |
| ബി) | ഈ പദ്ധതി ഹെഡ്മാസ്റ്റർക്ക് ബാധ്യതയാക്കി മാറ്റാതെ നടപ്പാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | ബി) | സ.ഉ.(സാധാ)നം.2911/2016/പൊ.വി.വ.തീയതി 05.09.2016 പ്രകാരം കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 150 കുട്ടികൾ വരെ കുട്ടിയൊന്നിന് 8/- രൂപ, 151 മുതൽ 500 വരെ കുട്ടിയൊന്നിന് 7/-രൂപ. 501 മുതൽ കുട്ടിയൊന്നിന് 6/-രൂപ എന്ന നിരക്കിലാണ് കണ്ടിജൻറ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. |
| സി) | അരി തുടങ്ങിയ ഭക്ഷണസാധനങ്ങളുടെ വില വർദ്ധനവിന് അനുപാതികമായി പദ്ധതി പ്രകാരം നൽകേണ്ടതുക വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ? | സി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ